# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | | |
|---|---|---|
| **NOVEMBER** | **23** | **2020** |



## ശബരിമല പത്രക്കുറിപ്പ്–1

ഫോൺ : 04735–202664

*www.prd.kerala.gov.in, prdnewssabarimala2021@gmail.co*

### ഇമ്മ്യൂണിറ്റി ബൂസ്റ്ററുമായി സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ സന്നിധാനത്തും പമ്പയിലും

കോവിഡ് 19 മഹാമാരി കാലത്ത് ശബരിമല ദർശനം നടത്തുന്ന ഭക്തർക്കും ജീവനക്കാർക്കും സേവനമൊരുക്കി ഹോമിയോപ്പതി വകുപ്പ്. കോവിഡ് 19 പശ്ചാത്തലത്തിൽ രോഗ പ്രതിരോധശേഷി വർധിപ്പിക്കുന്നതിനുള്ള ഇമ്മ്യൂണിറ്റി ബൂസ്റ്റർ മരുന്ന് വിതരണം സന്നിധാനത്തെയും പമ്പയിലെയും സർക്കാർ ഹോമിയോ ഡിസ്പെൻസറികളിൽ ആരംഭിച്ചു. കൂടാതെ പകർച്ച വ്യാധികളായ ചിക്കൻ പോക്സ്, വൈറൽ പനി, ചെങ്കണ്ണ്, മഞ്ഞപ്പിത്തം എന്നിവയ്ക്കുള്ള മരുന്നും ലഭ്യമാണ്.
തീർഥാടകർക്കുള്ള ആരോഗ്യ മുൻകരുതൽ നിർദേശങ്ങൾ അടങ്ങിയ പോസ്റ്ററുകളും ഹോമിയോ വകുപ്പ് സ്ഥാപിച്ചിട്ടുണ്ട്. പത്തനംതിട്ട ഡിഎംഒ ഡോ. ഡി. ബിജു കുമാർ ഡിസ്പെൻസറികളുടെ ഉദ്ഘാടനം നിർവഹിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്- സന്നിധാനം ഹോമിയോ-***
ശബരിമല സന്നിധാനത്തെ ഹോമിയോ വകുപ്പിന്റെ ആശുപത്രി.

***ഫോട്ടോ അടിക്കുറിപ്പ്- ഹോമിയോ ഡോക്ടർ-***

ശബരിമല സന്നിധാനത്തെ ഹോമിയോ ആശുപത്രിയിൽ ഡോക്ടർ വിവരങ്ങൾ ചോദിച്ചറിയുന്നു.

***(പി.ആർ. ശബരി-38)***



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| | | |
|---|---|---|
| നവംബർ<br>NOVEMBER | 23 | 2020 |

## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.

### ശബരിമലയിലെ നാളത്തെ (24.11.20) ചടങ്ങുകൾ

5 മണിക്ക്.... നട തുറക്കൽ
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
7 മണി മുതൽ 11 മണി വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
8 മണി മുതൽ ഉദയാസ്തമന പൂജ
11.30 ന് 25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

*(പി.ആർ. ശബരി-39)*

## തീർഥാടനം മികച്ച നിലയിൽ; ക്രമീകരണങ്ങൾ വിലയിരുത്തി, കൂടുതൽ തീർഥാടകരെത്തിയാൽ സ്വീകരിക്കുന്നതിന് സജ്ജം

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ശബരിമല തീർഥാടനം മികച്ച നിലയിൽ പുരോഗമിക്കുന്നതായും കൂടുതൽ തീർഥാടകർ വരും ദിവസങ്ങളിൽ എത്തിയാൽ ദർശനമൊരുക്കുന്നതിന് പൂർണ സജ്ജമാണെന്നും ശബരിമല എഡിഎം അരുൺ. കെ. വിജയന്റെ സാന്നിധ്യത്തിൽ പോലീസ് സ്പെഷ്യൽ ഓഫീസർ ബി. കൃഷ്ണകുമാറിന്റെ അധ്യക്ഷതയിൽ സന്നിധാനത്തു ചേർന്ന ഹൈലെവൽ കമ്മിറ്റി യോഗം വിലയിരുത്തി. ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ യോഗം വിലയിരുത്തി.

മണ്ഡലകാല തീർഥാടനവുമായി ബന്ധപ്പെട്ട് മികച്ച നിലയിലാണ് വകുപ്പുകളുടെ പ്രവർത്തനം നടക്കുന്നതെന്ന് ശബരിമല എഡിഎം അരുൺ. കെ. വിജയൻ പറഞ്ഞു. കോവിഡ് പരിശോധന, തീർഥാടകർക്കുള്ള സൗകര്യങ്ങൾ എന്നിവയ്ക്ക് മികച്ച ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ശബരിമലയിൽ എത്തുന്ന തീർഥാടകരും സേവനത്തിനായി എത്തുന്ന ഉദ്യോഗസ്ഥരും കോവിഡ് പരിശോധനാ സർട്ടിഫിക്കറ്റുമായാണ് എത്തുന്നത്. വളരെ മുൻകരുതലോടെയാണ് മുന്നോട്ടു പോകുന്നത്. സന്നിധാനത്ത് കോവിഡ് സ്ഥിരീകരിച്ച താൽക്കാലിക ജീവനക്കാരനെയും പ്രൈമറി കോണ്ടാക്ടിനെയും ആരോഗ്യവകുപ്പിന്റെ പ്രോട്ടോക്കോൾ പാലിച്ച് എഫ്എൽടിസിയിലേക്കു മാറ്റാനും ഇവരുമായി ബന്ധപ്പെട്ടവരെ ക്വാറന്റൈൻ ചെയ്യാനും നടപടി സ്വീകരിച്ചെന്നും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും എഡിഎം പറഞ്ഞു.

ശബരിമല സന്നിധാനത്ത് കോവിഡ് സ്ഥിരീകരിച്ചതിനെ തുടർന്ന് സത്വര നടപടി സ്വീകരിച്ചെന്നും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും പോലീസ് സ്പെഷൽ ഓഫീസർ ബി. കൃഷ്ണകുമാർ പറഞ്ഞു. ദേവസ്വം ബോർഡിന്റെ ഒരു താൽക്കാലിക ജീവനക്കാരന് കോവിഡ് പോസിറ്റീവായി. ചെറിയ അസ്വസ്ഥത വന്നപ്പോൾ തന്നെ ആരോഗ്യവകുപ്പിനെ അറിയിക്കുകയും പരിശോധനയിൽ പോസിറ്റീവാണെന്ന് കണ്ടെത്തുകയുമായിരുന്നു. കൂടെ മുറിയിലുണ്ടായിരുന്ന ഒരാൾക്ക് കൂടി പോസിറ്റീവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവർ താമസിച്ചിരുന്ന മുറി അണുവിമുക്തമാക്കാൻ നടപടി സ്വീകരിച്ചു. രണ്ടു പേർക്കും തുടർ ചികിത്സ നൽകാൻ നടപടി സ്വീകരിച്ചു. ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവർ ഉടൻ തന്നെ പരിശോധന നടത്തണമെന്ന് നിർദേശിച്ചിട്ടുണ്ട്. തീർഥാടനം ഭംഗിയായി നടക്കുന്നു. സുഗമമായ ദർശനത്തിന് സൗകര്യമുണ്ട്. നട തുറന്നതിനു ശേഷമുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി. കൂടുതൽ സ്വാമിമാർ വരും കാലത്ത് എത്തും എന്ന പ്രതീക്ഷയിൽ എന്തൊക്കെ ചെയ്യണം എന്നതു സംബന്ധിച്ച് വിവിധ വകുപ്പ് പ്രതിനിധികൾ നൽകിയ അഭിപ്രായങ്ങൾ യോഗം ചർച്ച ചെയ്തെന്നും സ്പെഷൽ ഓഫീസർ പറഞ്ഞു.

സന്നിധാനത്ത് കോവിഡ് സ്ഥിരീകരിച്ച സംഭവത്തിൽ ആവശ്യമായ മുൻകരുതലും തുടർ നടപടികളും കൈക്കൊണ്ടെന്നും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും എക്സിക്യൂട്ടീവ് ഓഫീസർ വി.എസ്. രാജേന്ദ്രപ്രസാദ് പറഞ്ഞു.

കോവിഡ് പ്രോട്ടോകോൾ കമ്മിറ്റി വിപുലമാക്കുന്നതിന് യോഗം തീരുമാനിച്ചു. സന്നിധാനത്തും പരിസരപ്രദേശങ്ങളിലും കോവിഡ് 19 മാനദണ്ഡങ്ങൾ

കർശനമായി പാലിക്കാൻ തീരുമാനമെടുത്തു. തീർഥാടകർക്കു പുറമേ, ശബരിമലയിൽ സേവനത്തിനായി എത്തിയിട്ടുള്ള ഉദ്യോഗസ്ഥരും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കണം. സന്നിധാനത്തും നടപ്പന്തലിലും സാമൂഹിക അകലം പാലിക്കണം. ശബരിമലയിൽ പ്രവർത്തിക്കുന്ന താൽക്കാലിക കടകളിലെ ജീവനക്കാർ കോവിഡ് ടെസ്റ്റ് നെഗറ്റീവ് റിസൾട്ട് ഹാജരാക്കണം. കടകൾ അണുവിമുക്തമാക്കിയെന്ന സർട്ടിഫിക്കറ്റും നിർബന്ധമാക്കി. സന്നിധാനത്തും വലിയ നടപ്പന്തലിലും മണിക്കൂറുകൾ ഇടവിട്ട് സാനിറ്റൈസിംഗ് നടത്തുന്നതിനും തീരുമാനമായി. ശബരിമല സന്നിധാനത്തും നടപ്പന്തലിലും വർധിച്ചു വരുന്ന പന്നിയുടെ ശല്ല്യം കുറയ്ക്കാൻ ആവശ്യമായ മുൻകരുതലെടുക്കുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് യോഗം നിർദേശം നൽകി.

ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ വി.എസ്. രാജേന്ദ്രപ്രസാദ്, ഫെസ്റ്റിവൽ കൺട്രോളർ ബി. എസ്. ബി.എസ്. ശ്രീകുമാർ, ഡ്യൂട്ടി മജിസ്ട്രേറ്റ് കെ. മനോജ്, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് പി.വി. സുധീഷ് വിവിധ വകുപ്പ് പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

ഫോട്ടോ അടിക്കുറിപ്പ്- ഹൈലെവൽ കമ്മിറ്റി മീറ്റിംഗ്-
ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിലയിരുത്തുന്നതിന് ചേർന്ന ഹൈലെവൽ കമ്മിറ്റി മീറ്റിംഗ്.

*(പി.ആർ. ശബരി-40)*

## ഫോട്ടോ അടിക്കുറിപ്പ് അയ്യപ്പ ശബരിമല ദർശനത്തിന് എത്തുന്ന അയ്യപ്പന്മാർ.

*(പി.ആർ. ശബരി-41)*

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.